# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

03.12.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1529

### കടൽ സുരക്ഷ സംവിധാനങ്ങളും കടൽ രക്ഷാപ്രവർത്തനങ്ങളും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷ സംവിധാനങ്ങളും കടൽ രക്ഷാപ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | കടലിൽ മത്സ്യബന്ധനത്തിന പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭം എന്നിവയെ കുറിച്ചുള്ള മുന്നറിയിപ്പ് നൽകുന്നതിനായി ഐ.എസ്.ആർ.ഒ. വികസിപ്പിച്ച ഉപഗ്രഹ സഹായത്തോടെയുള്ള സന്ദേശ വിനിമയം സാധ്യമാക്കുന്ന 'നാവിക്' എന്ന ഉപകരണം വിതരണം ചെയ്തു തുടങ്ങി.കടലിൽ പോകുന്നതും തിരികെ വരുന്നതുമായ മത്സ്യബന്ധന യാനങ്ങളെയും തൊഴിലാളികളെയും സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്താൻ സഹായകമായ സാഗര മൊബൈൽ ആപ്ലിക്കേഷൻ, സാറ്റലൈറ്റ് ഫോൺ, സീ മൊബൈൽ, ജി.പി.എസ്, എച്ച്.എഫ്.വി.എച്ച്.എഫ് തുടങ്ങിയ കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ ഘട്ടംഘട്ടമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 40,000 ലൈഫ് ജാക്കറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് 6.10 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. അത് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കടൽ രക്ഷാ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 900 മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കടൽരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കടൽസുരക്ഷയുടെ ഭാഗമായി 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിന് കൊച്ചിൻ ഷിപ്പ് യാർഡുമായി ധാരണാപത്രം ഒപ്പു വയ്ക്കുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് എല്ലാ മത്സ്യഗ്രാമങ്ങളിലും ഇതിനായി സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത സ്ക്വാഡുകൾ രൂപീകരിക്കുമ്പോൾ പ്രളയ ദുരന്തത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിന് സമാനതകളില്ലാത്ത രക്ഷാപ്രവർത്തനങ്ങൾ കാഴ്ചവെച്ച മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകിയിട്ടുണ്ടോ; | (സി) | 9 മറൈൻ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ഒരു ഗ്രാമത്തിൽ അവിടെ ലഭ്യമായ 5 യാനങ്ങളും ഒരു യാനത്തിൽ 3 മത്സ്യത്തൊഴിലാളികൾ എന്ന കണക്കിൽ ആകെ 15 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നതാണ് ഒരു സ്ക്വാഡ്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ വെച്ച് 20 ദിവസത്തെ പരിശീലനം നൽകുന്നതാണ്. 60 മത്സ്യഗ്രാമങ്ങളിലായി മൊത്തം 300 യാനങ്ങളും 900 മത്സ്യത്തൊഴിലാളികളുമാണ് സ്ക്വാഡിൽ ഉണ്ടാകുക. ഓഖി പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ രക്ഷാ പ്രവർത്തനത്തിന് ടി സ്ക്വാഡുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ ഉപയോഗപ്പെടുത്തുമ്പോൾ സ്ക്വാഡ് അംഗങ്ങൾക്ക് സർക്കാർ നിശ്ചയിക്കുന്ന വേതനം നൽകും. തെരെഞ്ഞെടുക്കുന്ന യാനങ്ങൾക്ക് അത്യാവശ്യം വേണ്ട കമ്മ്യൂണിക്കേഷൻ, സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതാണ്. പ്രളയ ദുരന്തത്തിൽ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ സ്ക്വാഡുകളായി തെരഞ്ഞെടുക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | കടൽസുരക്ഷാ സ്ക്വാഡുകളായി തെരഞ്ഞെടുക്കുന്നവർക്ക് ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽരക്ഷാ പ്രവർത്തനത്തിലുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും പവർ ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിലും പരിശീലനം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത സ്ക്വാഡിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് വേതനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ഇ) | ഓഖി പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നതിനാണ് കടൽസുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നത്. അങ്ങനെ സേവനം ഉപയോഗപ്പെടുത്തുന്ന സമയത്ത് ടി കാലയളവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം നൽകുന്നതാണ്. |
| (എഫ്) | രക്ഷാപ്രവർത്തനങ്ങൾക്ക് യാനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ഇൻഷ്വറൻസ് പരിരക്ഷയുള്ള യാനങ്ങൾക്ക് മുൻഗണന നൽകുമോ എന്നറിയിക്കാമോ? | (എഫ്) | രക്ഷാപ്രവർത്തനങ്ങൾക്ക് യാനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ഇൻഷ്വറൻസ് പരിരക്ഷയുള്ള യാനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ